**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2551** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതിയുടെ ഭാഗമായി ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതി മുഖേന നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ പൂർത്തീകരിച്ചത്, വിശദാംശം വ്യക്തമാക്കുമോ; | (എ) | കെയർ ഹോം പദ്ധതി പ്രകാരം ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2021 ജനുവരി മാസം ആരംഭിച്ചിട്ടുണ്ട്. സഹകരണ വകുപ്പും, നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്ര തൃശ്ശൂരും, സ്ഥലത്തിന്റെ ഉടമയായ പഴയന്നൂർ ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവന സമുച്ചയത്തിന്റെ പ്ലാനിന് പഴയന്നൂർ പഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും, നിർമ്മാണ സൈറ്റ് നിർമ്മാണ ഏജൻസിക്ക് കൈമാറിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത സമുച്ചയം എത്ര കോടി രൂപയുടെ പ്രോജക്ടാണ് ; ഇതു പ്രകാരം സ്ഥലവും വീടും ഇല്ലാത്ത എത്ര കുടുംബങ്ങൾക്ക് വീട് (ഫ്ലാറ്റ്) കണ്ടെത്താനാകും; | (ബി) | പ്രസ്തുത സമുച്ചയത്തിന് 3 കോടി 72 ലക്ഷം രൂപയുടെ പ്രോജക്ടാണ് അംഗീകരിച്ചിട്ടുള്ളത്. ഇതു പ്രകാരം സ്ഥലവും വീടും ഇല്ലാത്ത 40 കുടുംബങ്ങൾക്ക് വീട് കണ്ടെത്താനാകും. |
| (സി) | പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | ജില്ലാ നിർമ്മിതി കേന്ദ്ര, തൃശ്ശൂരിനാണ് നൽകിയിട്ടുള്ളത് |
| (ഡി) | നിർമ്മാണം തുടങ്ങി എത്ര കാലത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | നിർമ്മാണം ആരംഭിച്ച് 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ